## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

23.03.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 5100

## വാമനപുരം മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

| ചോദ്യം<br>ശ്രീ.ഡി.കെ.മുരളി | | മറുപടി<br>മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|---|
| (എ) വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ശുദ്ധജലവിതരണ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | വാമനപുരം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ, കല്ലറ, പാങ്ങോട്, പനവൂർ, പുല്ലമ്പാറ, വെമ്പായം എന്നീ രണ്ട് കുടിവെള്ള പദ്ധതികളും, വെഞ്ഞാറമൂട്, ഇടിഞ്ഞാർ, പെരിങ്ങമല, പാലോട്, നെല്ലനാട് പ്രദേശങ്ങളിലേയ്ക്കുള്ള ഗ്രാമീണ പദ്ധതികളും. |
| (ബി) പ്രസ്തുത പദ്ധതികളിൽ ജലശുദ്ധീകരണത്തിന് ഏതൊക്കെ രീതികളാണ് അവലംബിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിച്ച ജലം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കി വിതരണം ചെയ്യുന്നു. സമഗ്ര കുടിവെള്ള പദ്ധതിയിൽ ട്രീറ്റ്മെന്റ് പ്ലാന്റിൽ ഏറേഷൻ, ക്ലാരിഫിക്കേഷൻ, ഫിൽട്രേഷൻ, ഡിസ്ഇൻഫെക്ഷൻ എന്നീ പ്രക്രിയകൾ വഴി ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ ജലമാണ് വിതരണം ചെയ്യുന്നത്. |
| (സി) ശുദ്ധിയാക്കാതെ ജലം വിതരണം ചെയ്യേണ്ട സാഹചര്യം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ;<br>(ഡി) എങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (സി) & (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ